<u>അറിയിപ്പ്</u>

<u>മി. സ്പീക്കർ</u>: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. ഇന്നലെ സഭാനടപടികൾ നീണ്ടുപോയതിൽ ബഹുഭൂരിപക്ഷം സഭാംഗങ്ങളും ആംഗ്യഭാഷയിലും അല്ലാതെയും അസ്വസ്ഥതകൾ പ്രകടിപ്പിക്കുകയുണ്ടായി. കക്ഷിനേതാക്കളുടെ യോഗത്തിൽ നിശ്ചയിച്ചതുപോലെ സമയനിഷ്ഠ പാലിക്കാൻ തുടക്കം മുതൽതന്നെ ശ്രദ്ധിച്ചാൽ കൃത്യസമയത്തിന് സഭ അവസാനിപ്പിക്കാൻ സാധിക്കും.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബി.എ.സി.യ്ക്ക് പറ്റിയ ചെറിയ തകരാർ മൂലമാണ് ഇത്തരത്തിൽ ഉണ്ടാകുന്നത്. ഇന്നലെ ടൂറിസം, സഹകരണം, കൃഷി തുടങ്ങിയ മൂന്ന് പ്രധാനപ്പെട്ട വിഷയങ്ങളുടെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയായിരുന്നു നടന്നത്. ഇതിനുതൊട്ടുമുമ്പുള്ള ദിവസം ശുദ്ധജലവിതരണവും ശുചീകരണവും, ജലസേചനം എന്നീ വിഷയങ്ങളിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ കൃത്യസമയത്ത് സഭ അവസാനിപ്പിക്കാൻ സാധിച്ചു. ഇക്കാര്യങ്ങൾ

ബി.എ.സി.യിൽകൂടി ചർച്ച ചെയ്യേണ്ടതാണ്. വിഷയങ്ങൾ അലോട്ട് ചെയ്യുമ്പോൾ പ്രത്യേക ശ്രദ്ധ കാണിച്ചാൽ ഇന്നലത്തേതുപോലുള്ള ഒരു സംഭവം ഉണ്ടാകില്ല എന്നാണ് എന്റെ ധാരണ.

മി. സ്പീക്കർ: ഇന്നലെ ബഹുമാന്യനായ വി. ഡി. സതീശനും ഈ വിഷയം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് പരിശോധിക്കാമെന്ന് പറയുകയും ചെയ്തിരുന്നു. മാത്രമല്ല, ഇന്നലെ സബ്മിഷനുകൾ അവസാനിച്ച് ധനകാര്യവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലേക്ക് കടന്നത് ഉച്ചയ്ക്കുശേഷം 12.55-നായിരുന്നു. സബ്മിഷനുകൾ ശരാശരി ഒരുമിനിട്ടിൽ അവതരിപ്പിക്കാനും മറുപടി പറയാനുമാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ അടിയന്തരപ്രമേയവും അതിന്റെ അനുബന്ധനടപടികളും വളരെയധികം നീണ്ടുപോയ സാഹര്യമുണ്ടായി. എല്ലാവരുടെയും ശ്രദ്ധയിൽ അത് ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി ചെയർ ഓർമ്മപ്പെടുത്തുന്നു.